## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 1578 — 21.01.2014 -ൽ മറുപടി നൽകേണ്ടത്

### റിയൽ എസ്റ്റേറ്റ് മേഖല - നിയന്ത്രണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. പി. എ. മാധവൻ : | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |

(എ) റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി നിയമം കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഫ്ളാറ്റുകളുടെയും ഷോപ്പിംഗ് കോംപ്ലക്സുകളുടെയും ഗാർഹിക വാണിജ്യ ഓഫീസ് കെട്ടിടങ്ങളുടെയും അവയുടെ സ്ഥലങ്ങളുടെയും വിൽപ്പനയും നിർമ്മാണവും നിയമവിധേയമാക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) അതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(എ), (ബി), (സി) & (ഡി) ഫ്ലാറ്റ്, വില്ല നിർമ്മാണ രംഗത്ത് നിരവധി തട്ടിപ്പുകളും വെട്ടിപ്പുകളും ദിനംപ്രതിയെന്നോണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വിദേശമലയാളികളും സാധാരണക്കാരുമുൾപ്പെടെ നിരവധി പേർ ചൂഷണത്തിനിരയാകുന്നു. ഈ സാഹചര്യത്തിൽ റിയൽ എസ്റ്റേറ്റ് മേഖലയെ ശരിയായി നിയന്ത്രിയ്ക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര സർക്കാർ തയ്യാറാക്കിയ ബില്ലിന്റെ മാതൃകയിൽ സംസ്ഥാന സർക്കാർ ഒരു ബില്ല് തയ്യാറാക്കുകയും ആയത് നിയമ വകുപ്പ് സൂക്ഷ്മ പരിശോധന നടത്തി വരികയുമാണ്. ബില്ല് എത്രയും വേഗം നിയമമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ